**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — മുണ്ടൂർ ഗ്രാമപഞ്ചായത്ത് - 2006-07, 2007-08, 2008-09, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക യഥാക്രമം 3.4(2) (1,83,000/- രൂപ), 3.2 (1,71,360/-രൂപ), 3.2 (68,724/-രൂപ),എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകിയും 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 (66,700/-രൂപ),സാധൂകരണ അപേക്ഷ നിരസിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.2214/16/തസ്വഭവ. തിരുവനന്തപുരം, തീയതി:22/07/2016**

**പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/05/2015 തീയതിയിലെ എം3-14637/2015/2015 നമ്പർ കത്ത്.**

**2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ എൽ.എഫ്. 8621/പി.റ്റി2/2015 നമ്പർ കത്ത്.**

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(2) പ്രകാരം സ്റ്റോർ പർച്ചേസ് നിയമം ഖണ്ഡിക 24 -ലെ നിർദ്ദേശങ്ങൾ പാലിക്കാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തെരുവ് വിളക്കിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവഴിച്ച 1,83,000/-രൂപ, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വികലാംഗർക്ക് ബങ്ക് വിതരണം നടത്തിയതിലൂടെ ചിലവഴിച്ച 1,71,360/-രൂപ, 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി പരിധി പാലിക്കാത്തതിനാലും എസ്.സി.പി ഫണ്ടുപയോഗിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് സഹായം നൽകിയതിനാലും വികലാംഗർക്ക് വിൽപ്പന ബങ്ക് എന്ന പദ്ധതിയിൽ ചിലവഴിച്ച 66,700/-രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾക്ക് അധികരിച്ച് ചെലവഴിച്ച 68,724/-രൂപ എന്നിവ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും, ഭരണസമിതി തീരുമാനവും, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ, 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(2)ന് സാധൂകരണം നൽകുന്ന വിഷയത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2008-09

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 എന്നിവയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(2) പ്രകാരം തടസ്സപ്പെടുത്തിയ 1,83,000/-(ഒരു ലക്ഷത്തി എൺപത്തി മൂന്നായിരം രൂപ മാത്രം) രൂപ, 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വികലാംഗർക്ക് ബങ്ക് വിതരണം നടത്തിയതിലൂടെ ചെലവഴിച്ച 1,71,360/-(ഒരു ലക്ഷത്തി എഴുപത്തിയൊന്നായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപ, 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾക്ക് അധികരിച്ച് ചെലവഴിച്ച 68,724/-(അറുപത്തിയെട്ടായിരത്തി എഴുനൂറ്റി ഇരുപത്തി നാല് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സാധൂകരണം നൽകിയും 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം സബ്സിഡി പരിധി പാലിക്കാത്തതിനാലും എസ്.സി.പി ഫണ്ടുപയോഗിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് സഹായം നൽകിയതിനാലും വികലാംഗർക്ക് വിൽപ്പന ബങ്ക് എന്ന പദ്ധതിയിൽ ചെലവഴിച്ച 66,700/-രൂപയുടെ സാധൂകരണ അപേക്ഷ നിരസിച്ചു കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, മുണ്ടൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ